**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം**

**&**

**പ്രിയദർശിനി പ്ലാനറ്റേറിയം**

**വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം - 695 033**

**ഫോൺ: 0471-2306024, 2306025 ഇമെയിൽ : directorksstm@gmail.com**

***(An Autonomous Institution Under Government of Kerala)***

**ക്വട്ടേഷൻ നം.:- KSSTM/166/2026-TCA1** **തീയതി: 03-09-2026**

## ക്വട്ടേഷൻ നോട്ടീസ്

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനു കീഴിലുള്ള ചാലക്കുടി റീജിയണൽ സയൻസ് സെൻ്ററിലെ ഗാലറി കെട്ടിടത്തിന്റെ ഫയർ എൻ.ഒ.സി ( 5 വർഷം) പുതുക്കി ലഭ്യമാക്കുന്നതിനും, അതുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിനുമായി പരിചയസമ്പന്നരായ അംഗീകൃത ഏജൻസികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**ക്വട്ടേഷനുകൾ സ്വീകരിക്കുന്നത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും:**

1. ക്വട്ടേഷൻ അംഗീകരിച്ച ശേഷം അതിൽ നിന്നും പിന്മാറുകയോ, നിശ്ചിത സമയത്തിനകം അല്ലെങ്കിൽ നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ വർക്ക് ഓർഡർ റദ്ദാക്കുന്നതായിരിക്കും. തുടർന്ന് മറ്റൊരു ഏജൻസിയിൽ നിന്നും ഈ സേവനം ലഭ്യമാക്കുമ്പോഴുണ്ടാകുന്ന അധിക ബാധ്യതയോ നഷ്ടമോ വീഴ്ച വരുത്തുന്ന കക്ഷിയിൽ നിന്നും ഈടാക്കുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ വീഴ്ച വരുത്തുന്ന ആളുടെ/സ്ഥാപനത്തിന്റെ പേര് സർക്കാർ വിതരണക്കാരുടെ പട്ടികയിൽ നിന്ന് സ്ഥിരമായോ നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള പൂർണ്ണ അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

2. കരാർ കാലയളവിൽ, ഒരിക്കൽ അംഗീകരിച്ച നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരുവിധ അപേക്ഷകളും പരിഗണിക്കുന്നതല്ല.

3. ക്വട്ടേഷൻ നൽകുന്നവരോ അവരുടെ ഏജന്റുമാരോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വ്യക്തിപരമായി സ്വാധീനിക്കാൻ ശ്രമിക്കുന്നത് ക്വട്ടേഷൻ അയോഗ്യമാക്കുന്നതിന് കാരണമാകും.

4. ക്വട്ടേഷൻ ഷീറ്റിൽ അച്ചടിച്ചിട്ടുള്ളതോ ക്വട്ടേഷനൊപ്പം ഉൾപ്പെടുത്തിയിട്ടുള്ളതോ ആയ പ്രത്യേക നിബന്ധനകൾ എന്തെങ്കിലുമുണ്ടെങ്കിൽ, അവ സ്ഥാപനം/അധികാരികൾ രേഖാമൂലം അംഗീകരിക്കാത്ത പക്ഷം ഈ കരാറിന് ബാധകമായിരിക്കുന്നതല്ല.

5. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഇതിനൊപ്പമുള്ള അനുബന്ധം കൃത്യമായി പൂരിപ്പിച്ച് ഒപ്പും സീലും വച്ച് ക്വട്ടേഷനോടൊപ്പം കവറിൽ ഉള്ളടക്കം ചെയ്ത് സമർപ്പിക്കേണ്ടതാണ്

**കവറിന് മുകളിലെ മേൽക്കുറിപ്പ്:** ക്വട്ടേഷൻ നം. **KSSTM/166/2026-TCA1**

**വിഷയം:** ചാലക്കുടി റീജിയണൽ സയൻസ് സെൻ്ററിലെ ഗാലറി കെട്ടിടത്തിന്റെ ഫയർ എൻ.ഒ.സി പുതുക്കലും അതുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികളും. ***(ശ്രദ്ധിക്കുക: ക്വട്ടേഷൻ സമർപ്പിക്കുന്നവർ സീൽ ചെയ്ത കവറിനു മുകളിൽ ക്വട്ടേഷൻ നമ്പറും മുകളിൽ പറഞ്ഞിരിക്കുന്ന വിഷയവും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം).***

ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും: 19/09/2026, 3:00 PM**

ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും: 19/09/2026, 4:00 PM**

ക്വട്ടേഷൻ അയക്കേണ്ട മേൽവിലാസം: ***ഡയറക്ടർ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം - 695 033.***

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് (അസിസ്റ്റന്റ് ഡയറക്ടർ, ചാലക്കുടി - മൊബൈൽ: +91-9447285339).

**DIRECTOR**

**അനുബന്ധം**

**ക്വട്ടേഷൻ നം: KSSTM/166/2026-TCA1**

**വിഷയം:** ചാലക്കുടി റീജിയണൽ സയൻസ് സെൻ്ററിലെ ഗാലറി കെട്ടിടത്തിന്റെ ഫയർ എൻ.ഒ.സി പുതുക്കലും അതുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികളും.

| ക്രമ നം. | പ്രവൃത്തിയുടെ വിവരണം | അളവ് | നിരക്ക് | ആകെ തുക |
|---|---|---|---|---|
| 1 | ഗാലറി കെട്ടിടത്തിന്റെ ഫയർ എൻ.ഒ.സി പുതുക്കുന്നതിനുള്ള സർവീസ്/കൺസൾട്ടൻസി ചാർജ് (5 വർഷം) | 1 | | |
| 2 | ഫയർ ഫൈറ്റിംഗ് സിസ്റ്റം പരിശോധനയും അനുബന്ധ അറ്റകുറ്റപ്പണികളും | 1 | | |
| 3 | മറ്റെന്തെങ്കിലും നിരക്കുകൾ ഉണ്ടെങ്കിൽ (വിവരങ്ങൾ വ്യക്തമാക്കുക): | | | |
| | **ആകെ തുക** | | | |
| | **(GST @ .....%)** | | | |
| | **Grand Total** | | | |

**Grand Total (അക്ഷരത്തിൽ):** ...........................................................................

**സമ്മതപത്രം :**

ക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും ഞാൻ/ഞങ്ങൾ വായിച്ചു

പൂർണ്ണമായി മനസ്സിലാക്കിയെന്നും, അവ പാലിച്ചുകൊണ്ട് മേൽപ്പറഞ്ഞ പ്രവൃത്തികൾ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് ചെയ്തുതീർക്കാൻ തയ്യാറാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**സ്ഥലം:**

**തീയതി:**

ഏജൻസിയുടെ/അധികാരപ്പെടുത്തിയ വ്യക്തിയുടെ ഒപ്പ്: ---------------------------

പേര്: ------------------------------------------

സ്ഥാപനത്തിന്റെ പേരും മേൽവിലാസവും:-

------------------------------------------------------------------------------------------------------------------------

------------------------------------------------------------------------------------------------

മൊബൈൽ നമ്പർ: -------------------------------

*(സ്ഥാപനത്തിന്റെ സീൽ / Office Seal)*

DIRECTOR

Kerala State Science & Technology Museum ★ Trivandrum 695033